## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1434      11/08/2017-ൽ മറുപടിയ്ക്ക്

# ഹോർട്ടികോർപ്പിൽ താൽക്കാലിക ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |

എ) ഹോർട്ടികോർപ്പിൽ സംസ്ഥാനത്ത് മൊത്തം എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ തസ്തിക തിരിച്ചുള്ള പട്ടിക നൽകുമോ;

(എ) 515 പേർ; ഇവരിൽ 491 പേർ ദിവസവേതന വ്യവസ്ഥയിലും, 24 പേർ കരാറടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. ദിവസവേതന വ്യവസ്ഥയിൽ എല്ലാപേരെയും വർക്കറായി ഒരേ വേതനത്തിലാണ് നിയമിച്ചിട്ടുള്ളത്. കരാർ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് മാനേജർ | 7 |
| 2 | അക്കൗണ്ട്സ് ഓഫീസർ | 1 |
| 3 | അക്കൗണ്ട്സ് അസിസ്റ്റന്റ് | 13 |
| 4 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 3 |
| | **ആകെ** | **24** |

ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര താൽക്കാലിക ജീവനക്കാരെ ഓരോ ജില്ലകളിലേയും ഹോർട്ടികോർപ്പിന്റെ വിവിധ ഓഫീസുകളിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ?

(ബി) തിരുവനന്തപുരം ജില്ലാ സംഭരണ കേന്ദ്രത്തിൽ ജീവനക്കാർ ആവശ്യത്തിൽ കൂടുതലായിരുന്ന 39 താല്ക്കാലിക ജീവനക്കാരെ ഭാവിയിൽ ആവശ്യമുള്ളപക്ഷം തിരിച്ചെടുക്കാമെന്ന വ്യവസ്ഥയിൽ പിരിച്ചുവിടുകയുണ്ടായി. കൊല്ലം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ നിന്നും മാനേജരുടെ ചുമതലയുണ്ടായിരുന്ന താല്ക്കാലിക ജീവനക്കാരെ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ പേരിൽ മാറ്റിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ